



**സംഗീതാ സന്തോഷ്.**

Published: 7 August 2024 കവിത

# ക്യാന്റീൻ ഡിസ്കളറേഷൻസ്

ക്യാന്റീൻ* *ഡിസ്കളറേഷൻസ്*

മെഡിക്കൽ കോളേജ്: തൂക്കുപാത്രത്തിലെ കഞ്ഞി.

പദ്മനാഭന്റെ നിറസമ്പത്തിന് കൊന്നപ്പൂക്കളുടെ മഞ്ഞപ്പ്

വെയിലിന്റെ വിളറിയ മഞ്ഞയാണത്രേ സുഖമില്ലായ്മക്ക്!

*വോഡ്കയോ ടെക്വിലയോ മെസ്കലോ ...

ബൈക്ക് vs ജെ.സി.ബി

ഭർത്താവേ സ്തുതി!

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

*പി.ആർ.എസ്* ഹോസ്പിറ്റൽ : കൊള്ളാം!

പെറ്റമ്മയുടെ നിലവിളി
ആറ്റുകാലേക്ക് ഒഴുകിമാറി.
ശർക്കരപ്പായസത്തിന്റെ തവിട്ടു നിറം കിള്ളിയാറിന്.
അടപ്രഥമന്റെ ചതുരക്കഷണങ്ങൾ അമ്മയുടെ സാരിയിലെ
ഡിസൈനാകുന്നു!

*എൻ.എസ്* ആശുപത്രി : ങാ ! വിശപ്പകറ്റാം.

പെരുങ്കായക്കൂട്ടിന് വിലക്കുറവുണ്ടത്രേ!
സാമ്പാറിനല്ല : ബില്ലിന്.
അഷ്ടമുടിക്ക് കായാമ്പൂ നിറമോ കറുപ്പോ !

അമൃതാതുരാലയം : വിശേഷം തന്നെ!

വിശിഷ്ട ഭോജ്യങ്ങൾ നാനാതരം.
ഇടവേളയിൽ, ഇടപ്പള്ളിയിൽ രമണനോടൊപ്പം ആടുമേയ്ക്കാം ...
അവിശുദ്ധ പ്രണയം ബ്രഹ്മപുരത്ത്* പുകയുന്നു....
ഞാനും പറഞ്ഞതിതൊക്കെയാണെന്നും സുസ്ഥിരപ്രേമമൂഴിയിലില്ലെന്നും
ചന്ദ്രികാ* സഖി ഭാനുമതി കവിളിൽ തലോടി മൊഴിയുന്നു!

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

പാലാരിവട്ടം പാലമേ നമോവാകം : എനിക്കും നിനക്കും തമ്മിലെന്ത്?

പള്ളിയിലെ നേർച്ചക്കിരീടം സ്വർണമോ കലർപ്പോ ...

'പാൽ പാൽ പശുവിൻപാൽ

ഏത് പശു

കൊമ്പുള്ള പശു

............................

എന്ത് കുളം

എറണാകുളം* '

*Nota Bene : അച്ഛാ അമ്മേ ഭർത്താവേ...

പുകവലിയും വെള്ളമടിയും സൂക്ഷിച്ചു മാത്രം!

ക്യാന്റീനുകൾ സൂപ്പറാ!

72 Kg ൽ നിന്നും എന്റെ വെയ്റ്റ് കൂട്ടരുതേ.....

കഴിഞ്ഞില്ല, നെപ്പോട്ടിസ*ത്തിൽ ഹിറ്റായ സിനിമ പോലെ വീണ്ടും തുടങ്ങുന്നു:

ഗസ്റ്റ്ഹൗസ്റൂമിൽ ഇഡ്ഡലിപ്പാത്രത്തിലെ കിണ്ണത്തപ്പം പോലെ പുഴുങ്ങി വീർക്കുന്ന ഞാൻ .

റൈറ്റോ ലെഫ്റ്റോ

അം : അംബുജം മാത്രമോ?

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

ആഗോളതാപനം, സ്വാതന്ത്ര്യം , രാമൻ , ഫെഡറലിസം !

പള്ളി : അമ്പലം : ഓന്തുകൾക്കും മുമ്പ് ബുദ്ധൻ!

ഇത്യാദി ഹോം ഡെക്കേഴ്സ് എക്സ്ചെയ്ഞ്ച് ചെയ്യൂ :കജാരിയ* ഉപയോഗിക്കൂ.. ക്ലാസ്സ് ലുക്ക് നൽകൂ. വൃത്തിയാക്കാനെന്തെളുപ്പം ....

ഇപ്പോളിന്ത്യയ്ക്ക് തൂവെള്ള നിറം.

---

1* ആശുപത്രിവാസങ്ങ

ളിലെ രുചിയനുഭവങ്ങളും ചില സാമൂഹ്യ ചിന്തകളും ചേർത്തെഴുതിയത്.

2* വോഡ്ക, ടെക്വില,മെസ്കൽ - വിവിധയിനം മദ്യങ്ങൾ

3* ബ്രഹ്മപുരം -മാലിന്യപ്ലാന്റ്

4* ചന്ദ്രിക - ചങ്ങമ്പുഴയുടെ 'രമണനി'ലെ നായിക.

5* കുട്ടികളുടെ ഒരിനം കളി.

6* Nota Bene - Nb = വായനക്കാർ നന്നായി ശ്രദ്ധിക്കുക

7* നെപ്പോട്ടിസം = സ്വജനപക്ഷപാതം. (സിനിമയിലേതാണ് ഇവിടെ ഉദ്ദേശിച്ചത്) ie: 'വർഷങ്ങൾക്കു ശേഷം'

8* ഇന്ത്യയുടെ സമകാല രാഷ്ട്രീയപ്രതിസന്ധികൾ.

9* കജാരിയ - home decor company.